# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - HRMP No. 3836-ൽ ബഹു. മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് - തൃശ്ശൂർ ജില്ലയിൽ, ചാലക്കുടി താലൂക്കിൽ, പേരാമ്പ്ര വില്ലേജിൽ, മണവാളൻ വീട്ടിൽ അനു.ആർ.തോമസിന് 1 ലക്ഷം രൂപ ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=======================================

## റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്

ജി.ഒ. (ആർ.റ്റി) നമ്പർ : **396/2020/റവ.** തിരുവനന്തപുരം, തീയതി, 30.01.2020.

=======================================

പരാമർശം:- 1. HRMP No. 3836/19/TSR-ൻമേൽ ബഹു. മനുഷ്യാവകാശ കമ്മീഷന്റെ 24.09.2019 തീയതിയിലെ ഉത്തരവ്.

2. തൃശ്ശൂർ ജില്ലാകളക്ടറുടെ 05.12.2019 തീയതിയിലെ DCTSR/12347/2019/A13 നമ്പർ കത്ത്.

## ഉത്തരവ്

ശ്രീ. തോമസ്. എം.ആർ., മണവാളൻ വീട്, ചാലക്കുടി എന്നയാളുടെ മകൾ കുമാരി. അനു ആൻ തോമസ് ജന്മനാ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടിയാണെന്നും ധനസഹായം ലഭിക്കുവാൻ അവകാശം ഉള്ളതിനാൽ ടിയാൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1 ലക്ഷം രൂപ ധനസഹായം അനുവദിക്കണമെന്നും ധനസഹായമായി ലഭിക്കുന്ന 1 ലക്ഷം രൂപ കുട്ടിയുടെ രക്ഷകർത്താവ് എന്ന നിലയിൽ ഹർജിക്കാരന്റേയോ കുട്ടിയുടെ മാതാവിന്റേയോ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിക്ഷേപിച്ച് അനു ആൻ തോമസിന്റെ സംരക്ഷണത്തിനായി പ്രതിമാസം തുകയുടെ പലിശ പിൻവലിക്കാനുമുള്ള അവകാശം നിലനിർത്തി പണം പിൻവലിക്കാനും നടപടി സ്വീകരിക്കണമെന്നും പരാമർശം 1 പ്രകാരം ബഹു. മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായി.

2. പേരാമ്പ്ര വില്ലേജിൽ, പോട്ട, ആശ്രമം റോഡിൽ, മണവാളൻ വീട്ടിൽ എം.ആർ. തോമസ് എന്നവരുടെ മൂന്ന് പെൺമക്കളിൽ ഇളയ മകളാണ് അനു.ആർ.തോമസ്, ശ്രീ. തോമസ്, ഭാര്യ റീഗൽ തോമസ് മക്കളായ നിഷ തോമസ് (വിവാഹിത) ദിവ്യ തോമസ് (വിവാഹിത) അനു ആൻ തോമസ് എന്നിവരാണ് കുടുംബാംഗങ്ങളായിട്ടുള്ളത്. ശ്രീ. തോമസ് വർഷങ്ങൾക്കു മുൻപ് വിദേശത്ത് ജോലി ചെയ്തിരുന്നതാണ്. വിദേശത്തെ ജോലിയിൽ നിന്നും മിച്ചം വച്ച തുകയിൽ നിന്നുള്ള വരുമാനത്തിലാണ് കുടുംബം ജീവിക്കുന്നത്. കുടുംബ വാർഷിക വരുമാനം 60,000/- രൂപയാണ്. പ്രായമായ മാതാപിതാക്കളുടെ സംരക്ഷണയിലാണ് കുമാരി അനു ആൻ തോമസ് ഇപ്പോൾ കഴിയുന്നത്. ശ്രീ. തോമസിന്റെ മറ്റ് രണ്ട് പെൺമക്കളും വിവാഹിതരാണ്. ഭിന്നശേഷിക്കാർക്കുള്ള സാമൂഹിക സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് നഗരസഭയിൽ ഹാജരാക്കുന്നതിന് ആധാർ കാർഡ് ഇല്ലാത്തതിനാൽ പെൻഷൻ ലഭിച്ചിട്ടില്ല. ആധാർ കാർഡ് എടുക്കുന്നതിന് ആവശ്യമായ ബയോമെട്രിക് വിവരങ്ങൾ നൽകാൻ കഴിയാത്തതിനാൽ ആയത് ലഭിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ കുട്ടിയുടെ പേരിൽ അക്കൗണ്ട് തുടങ്ങാനും സാധിക്കില്ല. ഈ സാഹചര്യത്തിൽ ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം കുമാരി അനു ആൻ തോമസ് എന്നവരുടെ സംരക്ഷണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന തുക ശ്രീ. തോമസിന്റെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി രേഖകൾ സമർപ്പിച്ചിട്ടുള്ളതാണ് എന്ന് അറിയിക്കുകയും ബന്ധപ്പെട്ട രേഖകൾ മേൽ നടപടികൾക്കായി പരാമർശം 2 പ്രകാരം ജില്ലാകളക്ടർ സമർപ്പിക്കുകയും ചെയ്തു..

...2/-

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം കുമാരി അനു ആൻ തോമസ് എന്നവരുടെ സംരക്ഷണത്തിനായി 1 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചും പ്രസ്തുത തുക പിതാവായ ശ്രീ. തോമസിന്റെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് തൃശ്ശൂർ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. അനു ആൻ തോമസിന്റെ സംരക്ഷണത്തിനായി പ്രതിമാസം തുകയുടെ പലിശ പിൻവലിക്കാനുള്ള അവകാശം നിലനിർത്തി പണം നിക്ഷേപിക്കുവാൻ വേണ്ടുന്ന നടപടി ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

4. വിതരണത്തിനാവശ്യമായിവരുന്ന 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും, സ്വീകരിച്ച നടപടി ഒരാഴ്ച്ചക്കകം ജില്ലാകളക്ടർ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, തൃശ്ശൂർ

അനു.ആർ.തോമസ്, D/o ശ്രീ. തോമസ്, മണവാളൻ വീട്ടിൽ, പേരാമ്പ്ര, ചാലക്കുടി, തൃശ്ശൂർ.

തഹസിൽദാർ, ചാലക്കുടി

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol K N

സെക്ഷൻ ഓഫീസർ.